നമ്പർ: 29/2018

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

വിശുദ്ധിയുടെ പൂർണ്ണതയിലേക്കും മാനസാന്തരത്തിലൂടെയുള്ള ആത്മീക പുതുക്കത്തിലേക്കും പരിശുദ്ധ സഭയെ ഉയർത്തുവാൻ പര്യാപ്തമായ വലിയ നോമ്പിലേക്ക് നാം പ്രവേശിക്കുകയാണ്. കണ്ണുനീർ, ജാഗരണം, പ്രാർത്ഥന, നോമ്പ് എന്നിവയിലൂടെ നാം പാപമോചനത്തിലേക്ക് നയിക്കപ്പെടുന്നു. പരിശുദ്ധ നോമ്പിലൂടെയുള്ള ആത്മശുദ്ധീകരണ പ്രക്രിയയിലൂടെ 'ഈറേദൂതന്മാർക്കിഷ്ടന്മാരായി സ്വർഗ്ഗത്തിലേക്ക് കരേറുന്നു' എന്ന് പൗരസ്ത്യ പിതാക്കന്മാർ പ്രബോധിപ്പിക്കുന്നു. ഓശാനപ്പെരുന്നാളിലെ സ്തോത്ര ഗീതങ്ങളും, പെസഹായുടെ കഴുകലും, കാൽവറിയുടെ സഹനവും, ഉയർപ്പിന്റെ മഹത്വമുള്ള സമാധാനവഴികളും വലിയനോമ്പിന്റെ പീഡാനുഭവ പാതകളെ സമ്പന്നമാക്കുന്നുണ്ട്. അസമാധാനവും അധാർമ്മികതയും ഭോഗാസക്തികളും നമ്മുടെ ജീവിത പരിസരങ്ങളെ ഏറെ മലീമസമാക്കുന്നു; നിർവ്യാജ സ്നേഹത്തിന്റെയും വിശുദ്ധിയുടെയും വിനയത്തിന്റെയും വെളിച്ചങ്ങളാൽ നമ്മെ രൂപാന്തരപ്പെടുത്തുവാനും നമ്മുടെ കർത്താവിന്റെ രക്ഷാകരമായ കഷ്ടാനുഭവത്തിൽ പങ്കുചേരുവാനും പുനരുത്ഥാനത്തിന്റെ ദിവ്യമായ സന്തോഷവും സമാധാനവും അനുഭവിക്കുവാനും വലിയ നോമ്പ് മുഖാന്തിരമായിത്തീരട്ടെ. സഭാമക്കൾ ഏവരും നിഷ്ഠയോടെ നോമ്പുനോൽക്കണം.

വീണ്ടും വാത്സല്യമക്കളെ, ദൈവത്തിന്റെ മന്ദിരമാകുന്ന പരിശുദ്ധ സഭയിലെ പരിശുദ്ധാത്മ വ്യാപാരത്തിന്റെ പ്രതീകമാണ് പരിശുദ്ധ മൂറോൻ തൈലം. വി. മാമോദീസായിലൂടെ പരിശുദ്ധാത്മാഭിഷേകം മൂലം വിശ്വാസികളെ ക്രിസ്തുയേശുവിൽ ഒന്നായി ഒട്ടിച്ചുചേർക്കുന്നതിനും പരിശുദ്ധ സഭയിലെ ദേവാലയ ബലിപീഠങ്ങളെ ത്രിത്വനാമത്തിൽ മുദ്രയിടുന്നതിനും മാത്രം ഉപയോഗിക്കുന്ന അതിപരിശുദ്ധമായതും ഏറെ ആത്മീയ പ്രാധാന്യം ഉള്ളതുമായ ദിവ്യതൈലമാണിത്. 2018 മാർച്ച് മാസം 23-ാം തീയതി വലിയ നോമ്പിലെ നാൽപതാം വെള്ളിയാഴ്ച നമ്മുടെ ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ വച്ച് വി. മൂറോൻ കൂദാശ നിർവ്വഹിക്കുവാൻ നാം കർത്താവിൽ ശരണപ്പെടുകയാണ്. ഈ വിശുദ്ധതൈലം തയ്യാറാക്കുന്ന മഹത്തായ കൂദാശയ്ക്കായി പരിശുദ്ധ സഭ മുഴുവനും ഈ വലിയ നോമ്പിൽ നാൽപതുദിവസത്തെ ഉപവാസത്തോടും വ്രതാനുഷ്ഠാനങ്ങളോടും പ്രാർത്ഥനയോടും നോമ്പോടുംകൂടി പ്രത്യേകമായി ഒരുങ്ങണമെന്ന് നാം ഗൗരവപൂർവ്വം സഭാമക്കളെ പ്രബോധിപ്പിക്കുന്നു. കൂദാശ ചെയ്യപ്പെടുന്ന വിശുദ്ധ മൂറോൻതൈലത്തിന്മേൽ പരിശുദ്ധാത്മാവിന്റെ ആവാസം ഉണ്ടാകുന്നതിനും അതുമൂലം ദൈവാത്മാവിന്റെ അദൃശ്യമായ കൃപ നമുക്ക് സമൃദ്ധിയായി ലഭിക്കുന്നതിനും ഈ ദിനങ്ങളിൽ നമുക്ക് കാത്തിരുന്ന് പ്രാർത്ഥിക്കാം. പരിശുദ്ധാത്മശക്തിയുടെ നിറവ് പരിശുദ്ധ സഭ മുഴുവൻ ഉണ്ടാകുന്നതിനും, പരിശുദ്ധ മൂറോൻ കൂദാശ പരിപൂർണ്ണമായും അനുഗ്രഹപ്രദമാകുന്നതിനും, ഇത് വിശുദ്ധിയോടെ നിർവ്വഹിക്കുവാൻ ദൈവംതമ്പുരാൻ തന്റെ പരിശുദ്ധാത്മാവിനാൽ നമ്മെ ശക്തരാക്കുന്നതിനും വേണ്ടി സഭാമക്കൾ ഏവരും മുട്ടിപ്പായി പ്രാർത്ഥിക്കണം. അന്നേദിവസം പരിശുദ്ധ സഭയിലെ പരമാവധി വൈദികരും വിശ്വാസികളും വി. മൂറോൻ കൂദാശയിൽ വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുകയും നമ്മുടെ എല്ലാ ഇടവകകളുടെയും നാനാവിധത്തിലുമുള്ള സഹായസഹകരണങ്ങൾ ഈ ശ്രേഷ്ഠമായ ശുശ്രൂഷയ്ക്ക് ഉണ്ടാവുകയും ചെയ്യണമെന്ന് നാം സ്നേഹത്തോടെ നിങ്ങളെ ഓർമ്മപ്പെടുത്തുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2018 ഫെബ്രുവരി മാസം 01 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.